വാഹനഗതാഗത തിരക്കും അപകടങ്ങളും

42 [3024] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്ന് മിനി ബൈപ്പാസ് വഴിയും കല്ലായി റോഡുവഴിയും വരുന്ന വാഹനങ്ങൾ മീഞ്ചന്ത മിനിബൈപ്പാസ് ജംഗ്ഷനിൽനിന്ന് ഫറോക്ക് ഭാഗത്തേക്കുള്ള ഗതാഗത തിരക്ക് എന്നിവ വാഹനാപകടങ്ങൾക്ക് കാരണമാകുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഫറോക്ക് പാലം മുതൽ മീഞ്ചന്ത മിനിബൈപ്പാസ് വരെയുള്ള റോഡിന്റെ വീതി കൂട്ടാനായി അടയാളപ്പെടുത്തിയ സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മീഞ്ചന്ത മുതൽ കാരപ്പറമ്പ് വരെയുള്ള ഭാഗം വീതി കൂട്ടുന്നതിനും വളവ് നിവർത്തുന്നതിനും സ്ഥലമെടുപ്പിനും മറ്റുമായി 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ ഭാഗത്തെ അപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസുകാരെ ഡ്യൂട്ടിക്ക് നിയമിച്ചു വരുന്നുണ്ട്.

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

ശബരിമല റോഡ് വികസനം

43 [3025] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല റോഡ് വികസനത്തിനായി മലേഷ്യൻ സർക്കാർ ഏതെങ്കിലും തരത്തിൽ സഹായ വാഗ്ദാനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതു റോഡിന്റെ എവിടം മുതൽ എവിടം വരെ എത്ര കി. മീറ്ററാണ് വികസിപ്പിക്കുന്നതിനായി മലേഷ്യൻ സർക്കാർ സഹായം നൽകുന്നത്; ഇതിനായി എന്തുതുക ഏതടിസ്ഥാനത്തിലാണ് മലേഷ്യൻ സർക്കാർ മുടക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

GPM. 2/608/2012—11

LIBRARY ARCHIVES Kerala Legislative Assembly